പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1343 — 06-03-2020-ലെ മറുപടിയ്ക്ക്

**കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.ബി. സതീഷ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി കണ്ടാലും. |
| (ബി) | കർഷകർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കാർഷികാനുകൂല്യങ്ങൾ കർഷകന് ലഭ്യമാക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും വിശദമാക്കാമോ? | (ബി) | നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം ചുവടെ കൊടുത്തിരിക്കുന്നു. |

| ക്രമ നം. | പദ്ധതിയുടെ പേര് |
|---|---|
| 1 | **മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ**<br>നഴ്സറി നിർമ്മാണം, ടിഷ്യു കൾച്ചർ തൈ ഉത്പാദനം, പച്ചക്കറി വിത്ത് ഉത്പാദനം, ഫലവർഗ്ഗ കൃഷി വ്യാപനം, പുഷ്പകൃഷി വ്യാപനം, സുഗന്ധ വിള വ്യാപനം, തോട്ട വിള വ്യാപനം, കൂൺ കൃഷി, ജലസംഭരണ പരിപാലന സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള നൂതന കൃഷി രീതികൾ, ജൈവ കൃഷി പ്രോത്സാഹനം, ജൈവ വള ഉത്പാദനം, സംയോജിത കീട രോഗ നിയന്ത്രണം, തോട്ടകൃഷി യന്ത്രവൽക്കരണം, കാർഷിക സംസ്കരണവും മൂല്യവർദ്ധനവും, വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ധനസഹായം നൽകാൻ വിഭാവനം ചെയ്തിരിക്കുന്നത്. കൃഷി പൂർത്തീകരിക്കുന്നതോടെ ഇത് സംബന്ധിച്ച വൗച്ചറുകൾ, ബില്ലുകൾ, ഫോട്ടോ, ആധാർ, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ കൃഷി ഭവനിൽ നൽകുന്നതോടെ അർഹമായ ധനസഹായം അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടും. |

| | | | | | |
|---|---|---|---|---|---|
| | | | | 2 | **രാഷ്ട്രീയ കൃഷി വികാസ് യോജന**<br>കാർഷിക വികസനത്തിനായുള്ള പ്രോജക്ട് തയ്യാറാക്കി എസ്.എൽ.എസ്.സി സമർപ്പിച്ച് അംഗീകാരം വാങ്ങി, പ്രോജക്ടിൽ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം പദ്ധതി നടപ്പാക്കുന്നു. |
| | | | | 3 | **സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ**<br>കാർഷിക മേഖലയിൽ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും, വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ധനസഹായം ലഭിക്കുന്നതിന് അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതുണ്ട്. പദ്ധതി പ്രകാരമുള്ള ധനസഹായം യന്ത്രങ്ങളുടെ ഭൗതിക പരിശോധനയും, ബില്ലുകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതോടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടും. |
| | | | | 4 | **നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ**<br>പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ പമ്പ്സെറ്റ്, സ്പ്രേയർ, പൈപ്പ് ലൈൻ, കാർഷിക പ്രദർശനത്തോട്ടം എന്നിവയ്ക്കായി ധനസഹായം ലഭിക്കുന്നതിന് ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം കൃഷി ഭവനിൽ അപേക്ഷ നൽകാം. അനുമതി ലഭിക്കുന്നതോടെ ബില്ലുകൾ, വൗച്ചറുകൾ എന്നിവ കൃഷി ഭവനിൽ സമർപ്പിച്ച ധനസഹായം അക്കൗണ്ടിലൂടെ കൈപ്പറ്റാം. |
| | | | | 5 | **സബ് മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി**<br>കാർഷിക വനവൽക്കരണത്തിന് ആവശ്യമായ നഴ്സറി നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നതിന് കൃഷി ഭവനിലോ ഗ്രാമപഞ്ചായത്ത് ഓഫീസിലോ അക്കൗണ്ട് രേഖകൾ നൽകാവുന്നതാണ്. |
| | | | | 6 | **സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ**<br>ആത്മ പദ്ധതിയുടെ ഭാഗമായി വിവിധ പ്രദർശന . തോട്ടങ്ങൾ ഒരുക്കുന്നതിനും, കാർഷിക സങ്കേതങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഭൂമിയുടെ രേഖകൾ, ബാങ്ക് അക്കൗണ്ട് രേഖകൾ എന്നിവ സഹിതം കൃഷി |

| | | | | |
|---|---|---|---|---|
| | | | | ഭവനിൽ അപേക്ഷ സമർപ്പിക്കണം. |
| | | | 7 | **നാളികേര വികസന ബോർഡ് പദ്ധതികൾ**<br>നാളികേര വികസന ബോർഡ് പദ്ധതികൾ പ്രകാരം തെങ്ങു കൃഷി പുനരുജ്ജീവനം, പ്രദർശന തോട്ടം, തെങ്ങിന് ഇൻഷുറൻസ്, ജൈവവള ഉല്പാദന യൂണിറ്റ് എന്നീ ഘടകങ്ങൾക്കായി അപേക്ഷ കൃഷി ഭവനിൽ സമർപ്പിച്ചു നിർമ്മാണം പൂർത്തീകരിച്ചു. ഇൻവോയ്സ് ബില്ലുകൾ കൃഷിഭവനിൽ സമർപ്പിച്ചാൽ ധനസഹായം അക്കൗണ്ടിലേക്കു നിക്ഷേപിക്കുന്നതാണ്. |
| | | | 8 | **പാരമ്പരാഗത കൃഷി വികാസ് യോജന**<br>കൃഷി ഭവൻ മുഖേന ഒരു പ്രദേശത്തെ ഇരുപതു ഹെക്ടറിൽ കൃഷി ചെയ്യുന്ന കർഷകരെ ഒരു ക്ലസ്റ്റർ ആയി രജിസ്റ്റർ ചെയ്യു. ജൈവ കൃഷി പരിശീലനം, ജൈവ കൃഷി രീതികൾ അവലംബിക്കൽ, ജൈവ സെർട്ടിഫിക്കേഷൻ എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നു. |
| | | | 9 | **പ്രധാന മന്ത്രി കൃഷി സിഞ്ചായീ യോജന**<br>2015-16 വർഷം തയ്യാറാക്കിയ ജില്ലാ ജലസേചന പ്ലാനിന്റെ അടിസ്ഥാനത്തിൽ പെർ ഡ്രോപ്പ് മോർ ക്രോപ് (മൈക്രോ ഇറിഗേഷൻ), പെർ ഡ്രോപ്പ് മോർ ക്രോപ് (അദർ ഇന്റർവെൻഷൻസ്) എന്നീ വിഭാഗത്തിലായി ജലസേചന പദ്ധതികൾ ഏറ്റെടുത്തു നടത്തുന്ന പരിപാടിയാണിത്. കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പമ്പ്സെറ്റ്, കണിക ജലസേചനം, ജലസ്രോതസ്സ് നിർമ്മാണം എന്നിവയ്ക്ക് ധനസഹായം ലഭിക്കും. |
| | | | 10 | **ദേശീയ ബയോഗ്യാസ് വികസന പദ്ധതി**<br>കൃഷി ഭവനിൽ അപേക്ഷ സമർപ്പിച്ചു ടേൺ കീ ഏജൻറ് മുഖാന്തിരം യൂണിറ്റ് പണിതു സബ്സിഡി കൈപ്പറ്റാം. ബാങ്ക് അക്കൗണ്ട് രേഖകളും ഭൂമിയുടെ കൈവശ രേഖയും നിർബന്ധമാണ്. |

| | | | |
|---|---|---|---|
| | | | 11 **പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി**<br>പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി പ്രകാരം കർഷകർ കൈവശ ഭൂമിയുടെ രേഖകളും, ബാങ്ക് അക്കൗണ്ടിന്റെ രേഖകളും, ആധാർ കാർഡും സഹിതം കൃഷി ഭവനിൽ അപേക്ഷ സമർപ്പിച്ചാൽ, അർഹരായ കർഷകർക്ക് പ്രതിവർഷം 6000 രൂപ അവരുടെ അക്കൗണ്ടിലേക്ക ലഭ്യമാക്കും.<br><br>12 **സോയിൽ ഹെൽത്ത് കാർഡ്**<br>മണ്ണ് പരിശോധിച്ച അതിന്റെ ഗുണങ്ങൾ രേഖപ്പെടുത്തിയ കാർഡ് കൃഷി ഭവൻ മുഖേന ലഭ്യമാക്കുന്ന പരിപാടിയാണിത്. മണ്ണ് ശേഖരിച്ച പരിശോധിച്ച കാർഡ് ലഭ്യമാക്കുന്നത് വരെയുള്ള എല്ലാം സൗജന്യമാണ്. ആധാർ കാർഡ് നിർബന്ധമാണ്. പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രദർശന കൃഷിക്കുള്ള ആനുകൂല്യവും ലഭിക്കുന്നതാണ്.<br><br>13 **പ്രധാന മന്ത്രി ഫസൽ ബീമ യോജന**<br>അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച കൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമുപയോഗിച്ച കൊണ്ടുള്ള ഒരു വിള ഇൻഷ്വറൻസ് പരിപാടിയാണിത്. കാർഷിക ലോണുമായി ബന്ധപ്പെടുത്തിയും അല്ലാതെയും പദ്ധതിയിൽ അംഗമാവാം. അപേക്ഷ ഓൺലൈനായി ബാങ്ക് അക്കൗണ്ട് രേഖയും, കൈവശ ഭൂമി/ പാട്ട ഭൂമി രേഖ, ആധാർ പകർപ്പ് സഹിതം സമർപ്പിക്കാം. പ്രീമിയം അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനിയിൽ ലഭിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.<br><br>ടി എല്ലാ പദ്ധതികളിലും കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തിയാണ് ഗുണഭോക്താവിന്റെ അന്തിമമായ അർഹത നിശ്ചയിക്കുന്നത്. അപേക്ഷാ ഫോറത്തിന്റെ മാതൃക കൃഷി ഭവനിൽ നിന്നും ലഭിക്കും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പദ്ധതിയുടെ പേര് | ഘടകം | ധനസഹായ നിരക്ക് | അർഹതാ മാനദണ്ഡം | മറ്റെന്തെങ്കിലും വിവരം ആവശ്യമെങ്കിൽ അത് |
|---|---|---|---|---|
| **നെൽകൃഷി പദ്ധതികൾ** | | | | |
| 1) | ഗ്രൂപ്പ് ഫാമിംഗ് | 5500 രൂപ / ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ | |
| 2) | കരനെൽകൃഷി | 13600 രൂപ /ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ | |
| 3) | എ) തരിശുഭൂമിയിൽ കൃഷി | | | |
| | ഒന്നാം വർഷം | 25000 രൂപ / ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ | |
| | രണ്ടാം വർഷം | 5800 രൂപ / ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ | |
| | മൂന്നാം വർഷം | 3750 രൂപ / ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ | |
| | ബി) ഭൂവുടമയ്ക്ക് പ്രോത്സാഹനം | | | |
| | ഒന്നാം വർഷം | 5000 രൂപ / ഹെക്ടർഭൂകൃഷി ഉടമയ്ക്ക് | | |
| | രണ്ടാം വർഷം | 1200 രൂപ / ഹെക്ടർ ഭൂകൃഷി ഉടമയ്ക്ക് | | |
| | മൂന്നാം വർഷം | 750 രൂപ / ഹെക്ടർ ഭൂകൃഷി ഉടമയ്ക്ക | | |
| 4) | പാടശേഖരങ്ങൾക്കുള്ള പ്രവർത്തന സഹായം | 360 രൂപ /ഹെക്ടർ | പാടശേഖര സമിതികൾക്ക് | |
| 5) | ഒരുപൂനിലങ്ങളിൽ ഇരുപ്പൂ കൃഷി | 10000 രൂപ/ ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ | |
| 6) | സവിശേഷ നെല്ലിനങ്ങളുടെ കൃഷി | 10000 രൂപ / ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ | |
| 7) | ബ്ലോക്കുതലത്തിൽ അടിസ്ഥാന സൌകര്യ വികസനം | പാടശേഖരങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ | ബ്ലോക്കിലെ രണ്ടോ അതിലധികമോ പാടശേഖരങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന അടിസ്ഥാന സൌകര്യ വികസന പ്രോജക്ടുകൾ ബ്ലോക്കു | |

| പദ്ധതിയുടെ പേര് | ഘടകം | ധനസഹായ നിരക്ക് | അർഹതാ മാനദണ്ഡം | മറ്റെന്തെങ്കിലും വിവരം ആവശ്യമെങ്കിൽ അത് |
|---|---|---|---|---|
| | | | പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ | |
| 8) | ഉൽപാദന ബോണസ് | 400 രൂപ /ഏക്കർ / സീസൺ | | |
| **പച്ചക്കറി വികസന പദ്ധതി** | | | | |
| 1) | വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കുടുംബങ്ങൾ എന്നിവർക്ക് പച്ചക്കറി വിത്ത് വിതരണം | 10 രൂപയുടെ പച്ചക്കറി വിത്ത് കിറ്റുകൾ സൌജന്യമായി നൽകുന്നു | വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കുടുംബങ്ങൾ | കൃഷിഭവൻ മുഖേനയും പത്രമാധ്യമങ്ങൾ മുഖേനയും |
| 2) | മട്ടുപ്പാവിലെ പച്ചക്കറി കൃഷി പോട്ടിംഗ് മിശ്രിതം നിറച്ച 25 ഗ്രോബാഗുകളും പച്ചക്കറി തൈകളും അടങ്ങുന്ന യൂണിറ്റ് | 2000 രൂപയുടെ ഗ്രോബാഗ് യൂണിറ്റ് 75% സബ്സിഡി നിരക്കിൽ യൂണിറ്റ് ഒന്നിന് 500/- രൂപ വിലയ്ക്ക് | നഗര പ്രദേശങ്ങളിലെ നിവാസികൾക്ക് | |
| 3) | മട്ടുപ്പാവിലെ പച്ചക്കറി കൃഷിക്ക് പുനരുദ്ധാരണ ചെലവ് | വിത്ത്, തൈകൾ, വളം എന്നിവ സൌജന്യമായി നൽകുന്നു | മുൻകൈലങ്ങളിലെ പദ്ധതി ഗുണഭോക്താക്കൾക്ക് | |
| 4) | വിദ്യാലയങ്ങളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി | പ്രവർത്തന ചെലവ് ഉൾപ്പെടെ 5000/- രൂപ ധനസഹായം | തെരഞ്ഞെടുത്ത വിദ്യാലയങ്ങൾക്ക് | |
| 5) | വിദ്യാലയങ്ങളിൽ പമ്പ്സെറ്റ് / കിണർ | ഒരു യൂണിറ്റിന് 10,000/- രൂപ | ജലസേചന സൌകര്യം ലഭ്യമല്ലാത്ത വിദ്യാലയങ്ങൾക്ക് ആവശ്യം കണക്കിലെടുത്ത് മാത്രം | |
| 6) | സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി | കുറഞ്ഞത് 50 സെന്റ് കൃഷി ചെയ്യുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ പരമാവധി 2 ലക്ഷം രൂപ ധനസഹായം, അതിൽ കുറഞ്ഞ വിസ്തൃതിയുള്ള കക്ഷിക്ക് ആനുപാതികമായ ധനസഹായം | സ്ഥലസൌകര്യമുള്ള സർക്കാർ സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങൾക്ക് / സന്നദ്ധ സംഘടനകൾക്ക് | അറ്റകുറ്റ പണികൾ വിദ്യാലയത്തിന്റെ ചുമതലയിൽ സൌജന്യം പച്ചക്കറി കൃഷി ചെയ്യുന്നതിന് നിർബന്ധമായും ഉപയോഗിക്കണം. |

| | | | | |
|---|---|---|---|---|
| 7) | ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി | ഹെക്ടറിന് 15,000 രൂപ ധനസഹായം. 5 ഹെക്ടർ കൃഷി ചെയ്യുന്ന ഒരു ക്ലസ്റ്ററിന് 75000/- രൂപ വരെ ധനസഹായം | ധനസഹായം വ്യാവസായിക അടിസ്ഥാനത്തിൽ 5 ഹെക്ടർ പച്ചക്കറി ചെയ്യുന്ന കർഷകരുടെ ക്ലസ്റ്ററുകൾക്ക് ഒരു തവണ ധനസഹായം ലഭിക്കുന്ന ക്ലസ്റ്ററുകൾ തുടർന്നുള്ള സീസണുകളിൽ സ്വന്തമായി തുടർന്നും പച്ചക്കറി കൃഷി ചെയ്യാൻ സന്നദ്ധമായിരിക്കണം. | |
| 8) | ഹരിത ഫണ്ട് | ഒരു ക്ലസ്റ്ററിന് 2000/- രൂപ ധനസഹായം | തെരഞ്ഞെടുത്ത ക്ലസ്റ്ററുകൾക്ക് | |
| 9) | പമ്പ്സെറ്റ് | 50% സബ്സിഡി നിരക്കിൽ പരമാവധി 10,000/- രൂപയുടെ ധനസഹായം (1.5 HP പമ്പ് സെറ്റുകൾക്ക്) | പച്ചക്കറി ക്ലസ്റ്ററുകൾക്ക് / പൊതു ഉപയോഗത്തിന് നൽകുവാൻ സന്നദ്ധ ക്ലസ്റ്റർ അംഗങ്ങൾക്കും | ബ്ലോക്ക് / ജില്ലാതല കമ്മിറ്റികളുടെ അംഗീകാരത്തോടെ 1 HP പമ്പ് സെറ്റിനും ആനുകൂല്യങ്ങൾക്കും. |
| 10) | സസ്യസംരക്ഷണ ഉപകരണങ്ങൾ | 50% നിരക്കിൽ പരമാവധി 1500/- രൂപ ധനസഹായം | | |
| 11) | അവാർഡ് | മികച്ച സ്കൂൾ, വിദ്യാർത്ഥി, അദ്ധ്യാപകൻ, സ്ഥാപന മേധാവി, സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് അവാർഡ്. സംസ്ഥാനതലത്തിൽ 1,2,3 സ്ഥാനങ്ങൾക്ക് 50,000/-, 25,000/-, 15,000/- രൂപ നിരക്കിലും, ജില്ലാതലത്തിൽ 15,000/-, 7500/-, 5000/- രൂപ നിരക്കിലും ക്യാഷ് അവാർഡ്, മികച്ച സ്കൂളിന് സംസ്ഥാന തലത്തിൽ 75,000/-, | | |

| | | | | |
|---|---|---|---|---|
| | | 50,000/-, 25,000/- രൂപ നിരക്കിലുമാണ് അവാർഡ് നൽകുന്നത്. | | |
| 12) | തരിശു നിരത്തിൽ പച്ചക്കറി കൃഷി | ഹെക്ടറിന് 30,000/- രൂപ ധനസഹായം (കർഷകന് 25,000/- രൂപ, ഭൂവുടമയ്ക്ക് 5000/- രൂപ) | കുറഞ്ഞത് 3 വർഷങ്ങളായി തരിശായി കിടന്ന സ്ഥലം | |
| 13) | സ്റ്റാഗേർഡ് ക്ലസ്റ്റർ | ഹെക്ടറിന് 15000 രൂപ / ധനസഹായം | വ്യക്തികളായോ / ഗ്രൂപ്പ് അടിസ്ഥാനത്തിലോ കൃഷി ചെയ്യാവുന്നതാണ്. കുറഞ്ഞത് 25 സെന്റ് കൃഷി ചെയ്യണം. | |
| 14) | ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ നഴ്സറികൾ സ്ഥാപിക്കൽ | 500 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഹൈ-ടെക് നഴ്സറികൾ 50000 രൂപ ആനുകൂല്യം നൽകുന്നതാണ്.<br>റിവോൾവിംഗ് ഫണ്ടായി 2 ലക്ഷം രൂപ നൽകുന്നതാണ്. | ജില്ലാതല കമ്മിറ്റിയാണ് സെലക്ഷൻ നടത്തുന്നത്. | |
| 15) | 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് വികസന സഹായം | 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 6.30 ലക്ഷം രൂപ വീതം ധനസഹായം. കഴിഞ്ഞ വർഷങ്ങളിൽ തുടങ്ങിയ ക്ലസ്റ്ററുകൾക്ക്<br>1 ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിക്കും. | ക്ലസ്റ്ററിന്റെ മുൻവർഷ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ഗ്രേഡിംഗ് നടത്തുന്നതാണ്. | |
| 16) | ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ (പച്ചക്കറി ക്ലസ്റ്ററുകളുടെ ഫെഡറേഷനുകൾ) | പുതിയ ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം. മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കായി പ്രോജക്ട് അടിസ്ഥാ നത്തിൽ വിനിയോഗിക്കും. | പ്രോജക്ട് അടിസ്ഥാനത്തിലാണ് സഹായം അനുവദിക്കുന്നത്. | |
| 17) | മഴമറകൾ സ്ഥാപിക്കുന്നതിന് | 50,000/- രൂപ ധനസഹായം | ആകെ ചെലവിന്റെ 75% സരഹായം | |

| | | | | |
|---|---|---|---|---|
| | | (100 സ്ക്വയർ മീറ്റർ) | നൽകുന്നതാണ്. | |
| | വളപ്രയോഗത്തോടു കൂടിയ സൂക്ഷ്മജല സേചനം | 50 സെന്റിന് 30,000/- രൂപ ധനസഹായം | തുറന്ന സ്ഥലത്തെ കൃഷിക്കാണ് ധനസഹായം നൽകുന്നത്. | |
| **തെങ്ങുകൃഷി പദ്ധതികൾ** | | | | |
| 1) | കേരഗ്രാമം | | | |
| | എ) സംയോജിത തെങ്ങ് കൃഷി പരിപാലന മുറകളായ തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവരാസവളങ്ങൾ, ജീവാണുവളം, സസ്യസംരക്ഷണോപാധികൾ, ഇടവിള കൃഷി, രോഗബാധിതമായി ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻതൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി | 50% സബ്സിഡി പരമാവധി 25,000/- രൂപ / ഹെക്ടർ | കേരഗ്രാമത്തിന്റെ യൂണിറ്റ് വിസ്തൃതി 250 ഹെക്ടറാണ് | ഒരുമിച്ച് ഒരു ക്ലസ്റ്ററായാണ് 250 ഹെക്ടറിൽ കേരഗ്രാമം നടപ്പിലാക്കുന്നത്. ഇതിനായി അടുത്തടുത്ത പഞ്ചായത്ത് പ്രദേശങ്ങളും ഉൾപ്പെടണം |
| | ബി) തെങ്ങ് കയറ്റ യന്ത്രങ്ങൾ | 50% സബ്സിഡി പരമാവധി 2000/- രൂപ / യന്ത്രം | ഒരു കേരഗ്രാമത്തിന് പരമാവധി 60 എണ്ണം | |
| | സി) ജലസേചന സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ (കിണർ / പമ്പ്സെറ്റ്) | 50% സബ്സിഡി പരമാവധി 25,000 രൂപ / ഹെക്ടർ യൂണിറ്റ് ഒന്നിന് പരമാവധി 10,000/- രൂപ | ഒരു കേരഗ്രാമത്തിന് പരമാവധി 21 ഹെക്ടർ വ്യക്തിഗത ഗുണഭോക്താവിന് കുറഞ്ഞത് 50 സെന്റ് തെങ്ങ് കൃഷി ഉണ്ടായിരിക്കണം. | |
| | ഡി) ജൈവവള യൂണിറ്റ് സ്ഥാപിക്കൽ (7.2 m x 1.2 m x 0.6 m) | 10,000/- രൂപ / യൂണിറ്റ് | ഒരു കേരഗ്രാമത്തിന് പരമാവധി 8 എണ്ണം | |
| | ഇ) തെങ്ങിൻതൈ നഴ്സറികൾ | (25 സെന്റ് - 6250 തൈകൾ) | ഒരു കേരഗ്രാമത്തിന് പരമാവധി 1 | |

| | | | | |
|---|---|---|---|---|
| . | സ്ഥാപിക്കൽ | 25% സബ്-സിഡി<br>പരമാവധി 50,000/- രൂപ / യൂണിറ്റ് | എണ്ണം | |
| | എഫ്)പഞ്ചായത്തുതല കേരസമിതി - പ്രോജക്റ്റ് അടിസ്ഥാനത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് | 5 ലക്ഷം രൂപ / കേരഗ്രാമം | 250 ഹെക്ടർ ഭൂവിസ്തൃതിയുള്ള കേരഗ്രാമങ്ങൾക്ക് | |
| 2) | <u>കേരസമൃദ്ധി</u> | | | |
| | എ) മാതൃവൃക്ഷം കണ്ടെത്തി മാർക്ക് ചെയ്യൽ | കേരസമിതികൾക്ക് 2/- രൂപ / തെങ്ങ് | കൂടുതൽ കായ്ഫലമുള്ളതും രോഗ കീട പ്രതിരോധശേഷിയുള്ളതുമായ മാതൃവൃക്ഷങ്ങളെ തെരഞ്ഞെടുക്കുന്നു. | |
| | ബി) കുറിയ ഇനം വിത്ത് തേങ്ങ സംഭരണം | കർഷകർക്ക് 45/- രൂപ / വിത്ത് തേങ്ങ | തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നുള്ള വിത്ത് തേങ്ങ സംഭരിക്കുന്നു. | |
| | സി) സങ്കരയിനം വിത്ത് തേങ്ങ സംഭരണം | കർഷകർക്ക് 50/- രൂപ / വിത്ത് തേങ്ങ | കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തുന്ന ഹൈബ്രിഡൈസേഷൻ വഴി ഉൽപാദിപ്പിക്കുന്ന ഗുണമേൻമയുള്ള വിത്ത് തേങ്ങ സംഭരിക്കുന്നു. | |
| | ഡി) നെടിയ ഇനം തെങ്ങിൻ പൂങ്കുലയ്ക്കുള്ള ധനസഹായം | 100/- രൂപ / പൂങ്കുല | തെങ്ങിൻ പൂക്കുലയിൽ ഹൈബ്രിഡൈസേഷൻ നടത്തുന്നതിനുള്ള ആനുകൂല്യം | |
| | ഇ) നെടിയ ഇനം വിത്ത് തേങ്ങ സംഭരണം | 45/- രൂപ / വിത്ത് തേങ്ങ | കൂടുതൽ കായ്ഫലമുള്ളതും രോഗ കീട പ്രതിരോധശേഷിയുള്ളതുമായ തെരഞ്ഞെടുക്കപ്പെട്ട മാതൃവൃക്ഷങ്ങളിൽ നിന്ന് | |
| 3) | പ്രദർശനത്തോട്ടം (കുറിയയിനം / സങ്കരയിനം) | 38,830 രൂപ / യൂണിറ്റ് | 50 സെന്റ് ഭൂവിസ്തൃതിയുള്ളതാണ് ഒരു പ്രദർശനത്തോട്ടം | തെങ്ങിൻതൈകൾ, കൃഷി വകുപ്പ് ഫാമുകൾ / കേന്ദ്ര തോട്ടവിള ഗവേഷണ |

| | | | | |
|---|---|---|---|---|
| | | | | കേന്ദ്രങ്ങൾ / കാർഷിക സർവ്വകലാശാല എന്നിവയിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. |
| **കോക്കനട്ട് കൌൺസിൽ പ്രോഗ്രാം** | | | | |
| | വാർഡ് ഒന്നിന് 75 തെങ്ങിൻതൈകൾ വിതരണം നടത്തുന്നു | 50% സബ്സിഡി | സ്വന്തമായി ഭൂമിയുള്ള കർഷകന് | |
| **സുഗന്ധ വ്യഞ്ജന വിളകളുടെ വികസനത്തിനുള്ള പദ്ധതികൾ** | | | | |
| 1) | വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ (പ്രതിവർഷം 50000 വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ) സ്വയംസഹായ സംഘങ്ങൾ, വനിതാ ഗ്രൂപ്പുകൾ | 30,000/- രൂപ / നഴ്സറി | സ്വയം സഹായസംഘങ്ങൾ / വനിതാ ഗ്രൂപ്പുകൾ / യുവാക്കളുടെ ഗ്രൂപ്പുകൾ എന്നിവർക്കാണ് സഹായം അനുവദിക്കുന്നത്. | വർഷത്തിൽ കുറഞ്ഞത് 50,000 വേരു പിടിപ്പിച്ച കുരുമുളക് തൈകൾ ഉൽപാദിപ്പിക്കണം. |
| 2) | കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം | 10,000/- രൂപ / ഹെക്ടർ | ഉൽപാദനക്ഷമത കുറഞ്ഞ തോട്ടങ്ങളുടെ പുനരുദ്ധാരണമാണ് ലക്ഷ്യമിടുന്നത് | |
| 3) | പുതിയ കുരുമുളക് തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് (വിസ്തീർണ്ണ വ്യാപനം) | 20,000/- രൂപ / ഹെക്ടർ (50% സബ്സിഡി) | ഉൽപാദനക്ഷമത കൂടിയ ഇനങ്ങൾ കൃഷി ചെയ്യുന്നു. ഭൂവിസ്തൃതിക്കനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്. | |
| 4) | വിസ്തീർണ്ണ വ്യാപനം - ഇഞ്ചി / മഞ്ഞൾ | 12,500 രൂപ / ഹെക്ടർ (50% സബ്സിഡി) | ഉൽപാദനക്ഷമത കൂടിയ ഇനങ്ങൾ കൃഷി ചെയ്യുന്നു. ഭൂവിസ്തൃതിക്കനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്. | നടീൽ വസ്തു, സംയോജിത വളപ്രയോഗം, സംയോജിത രോഗകീട നിയന്ത്രണം എന്നിവയ്ക്കാണ് ആനുകൂല്യം |
| 5) | വിസ്തീർണ്ണ വ്യാപനം - ജാതി / ഗ്രാമ്പൂ | 20,000 രൂപ / ഹെക്ടർ (50% സബ്സിഡി) | ഉൽപാദനക്ഷമത കൂടിയ ഇനങ്ങൾ കൃഷി ചെയ്യുന്നു. ഭൂവിസ്തൃതിക്കനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്. | നടീൽ വസ്തു, സംയോജിത വളപ്രയോഗം, സംയോജിത രോഗകീട നിയന്ത്രണം എന്നിവയ്ക്കാണ് ആനുകൂല്യം |

| | | | | |
|---|---|---|---|---|
| 6) | കർഷകരുടെ കൃഷിയിടങ്ങളിലെ ജൈവ നിയന്ത്രണോപാധികളുടെ (ട്രൈക്കോഡർമ / മൈക്കോറൈസ മുതലായവ) ഉൽപാദന യൂണിറ്റുകൾ | 20,000/- രൂപ / യൂണിറ്റ് | ഇടുക്കി ജില്ലയിൽ മാത്രം. | |
| 7) | കർഷകർ കണ്ടെത്തിയ തനത് ഇനങ്ങൾ ഉപയോഗിച്ചുള്ള പ്രദർശന ത്തോട്ടം | 25 സെന്റ് പ്രദർശനത്തോട്ടത്തിന് 10,000/- രൂപ | പ്രദേശികമായി ലഭ്യമായ ഗുണനിലവാരമുള്ള ഉൽപാദനക്ഷമത കൂടിയ ഇനങ്ങളുടെ പ്രദർശനത്തോട്ടം | ഇടുക്കി ജില്ലയിൽ മാത്രം. |
| 8) | മണ്ണിന്റെ അമ്ലത്വം ക്രമീകരണത്തിനുള്ള കുമ്മായ വസ്തുക്കൾക്ക് സഹായം | 5400/- രൂപ / ഹെക്ടർ | മണ്ണ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ | ഇടുക്കി ജില്ലയിൽ മാത്രം. |
| 9) | സൂക്ഷ്മ മൂലകങ്ങൾക്കും സെക്കന്ററി മൂലകങ്ങൾക്കും ധനസഹായം | 500/- രൂപ / ഹെക്ടർ | മണ്ണ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ | ഇടുക്കി ജില്ലയിൽ മാത്രം. |
| 10) | സംയോജിത കീടരോഗനിയന്ത്രണം | 10,000/- രൂപ / ഹെക്ടർ | ജൈവ രോഗകീട നിയന്ത്രണ ഉപാധികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. | ഇടുക്കി ജില്ലയിൽ മാത്രം. |
| **പ്രാദേശിക വിളകളുടെ വികസനം** | | | | |
| 1) | അട്ടപ്പാടി മില്ലറ്റ് വില്ലേജ് പ്രോഗ്രാം | പ്രോജക്ട് അടിസ്ഥാനത്തിൽ ആദിവാസി ഊരുകളിൽ ചെറുധാന്യങ്ങളും പയർവർഗ്ഗങ്ങളും കൃഷി ചെയ്യുന്നതിനും മൂല്യവർദ്ധനവിനുമുള്ള ധനസഹായം | | |
| 2) | ഇടുക്കി ജില്ലയിലെ തായന്നംകുടി ആദിവാസി മേഖലയിൽ ചെറുധാന്യങ്ങളുടെ കൃഷി | 10,000/- രൂപ / ഹെക്ടർ | | |
| 3) | എള്ള് കൃഷി വികസനം | 5000/- രൂപ / ഹെക്ടർ | ചെറുകിട – നാമമാത്ര കർഷകൻ | |
| 4) | നിലക്കടല കൃഷി വികസനം | 15,000/- രൂപ / ഹെക്ടർ | ചെറുകിട – നാമമാത്ര കർഷകൻ | |

| | | | | |
|---|---|---|---|---|
| 5) | കരിമ്പ് കൃഷി | 20,000/- രൂപ / ഹെക്ടർ | ചെറുകിട – നാമമാത്ര കർഷകൻ | |
| **ജൈവവൈവിദ്ധ്യവും നാടൻ വിത്തിനങ്ങളുടെ ജെംപ്ലാസം സംഭരണവും** | | | | |
| 1) | നെല്ല്, ചെറുധാന്യങ്ങൾ എന്നിവയുടെ പ്രാദേശിക ഇനങ്ങളുടെ സംരക്ഷണവും വ്യാപനവും | 10,000/- രൂപ / ഹെക്ടർ | ചെറുകിട – നാമമാത്ര കർഷകൻ | |
| **പയർവർഗ്ഗങ്ങളുടേയും കിഴങ്ങുവർഗ്ഗങ്ങളുടേയും കൃഷി വികസനം** | | | | |
| 1) | പയർവർഗ്ഗങ്ങൾ | 10,000/- രൂപ / ഹെക്ടർ | ചെറുകിട – നാമമാത്ര കർഷകൻ | |
| 2) | സീഡ് വില്ലേജ് മുഖേന കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി വ്യാപനം | 15,000/- രൂപ / ഹെക്ടർ | ചെറുകിട – നാമമാത്ര കർഷകൻ | |
| 3) | സീഡ് വില്ലേജ് മുഖേന കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി വ്യാപനം (ആദിവാസി മേഖലയിൽ) | 20,000/- രൂപ / ഹെക്ടർ | | |
| **വയനാട് പാക്കേജ് പദ്ധതി** | | | | |
| 1) | സമഗ്ര കുരുമുളക് കൃഷി വികസനം | | | |
| 2) | ജാതികൃഷി വികസനം | | | |
| 3) | വെള്ളപ്പൊക്കമുണ്ടായ പ്രദേശങ്ങളിൽ കാർഷിക പുനരുദ്ധാരണം | | | |
| **കവുങ്ങ് കൃഷി വികസന പദ്ധതി (കാസർഗോഡ് ജില്ല)** | | | | |
| 1) | സസ്യ സംരക്ഷണം | 1000/- രൂപ / ഹെക്ടർ | ചെറുകിട – നാമമാത്ര കർഷകൻ | |
| 2) | മഞ്ഞളിപ്പ് രോഗബാധിതമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് | മരം ഒന്നിന് 200/- രൂപ | ചെറുകിട – നാമമാത്ര കർഷകൻ | |
| 3) | നിലവിലുള്ള തോട്ടങ്ങളിൽ പുതിയ കവുങ്ങിൻ തൈകൾ നടീൽ | തൈ ഒന്നിന് 5/- രൂപ | ചെറുകിട – നാമമാത്ര കർഷകൻ | |

| | | | | |
|---|---|---|---|---|
| **ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അധിക ധനസഹായം** | | | | |
| 1) | ജനറൽ വിഭാഗം | 8000/- രൂപ / യൂണിറ്റ് ( 2 M $^{3}$ - 6 M $^{3}$ ) | | |
| 2) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗം | 9000/- രൂപ / യൂണിറ്റ് ( 2 M $^{3}$ - 6 M $^{3}$ ) | | |
| **പുഷ്പഫല വർഗ്ഗങ്ങളുടേയും ഔഷധ സസ്യങ്ങളുടേയും വികസനം** | | | | |
| 1) | വാഴക്കൃഷി വികസനം (വി.എഫ്.പി.സി.കെ. മുഖേന) | | | |
| 2) | മറ്റ് ഫലവർഗ്ഗ വിളകളുടെ വികസനം | | ചെറുകിട-നാമമാത്ര കർഷകൻ | |
| 3) | ഫ്ലോറി വില്ലേജുകൾ സ്ഥാപിക്കൽ | | ചെറുകിട-നാമമാത്ര കർഷകൻ | |
| 4) | ഔഷധ സസ്യങ്ങളുടെ വ്യാപനം | | ചെറുകിട-നാമമാത്ര കർഷകൻ | |
| **ജൈവകൃഷിയും ഉത്തമ കാർഷികമുറകളും (ജി.എ.പി.)** | | | | |
| 1) | കാസർഗോഡ് ജില്ലയിൽ വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കുന്ന പി.ജി.എസ്. സർട്ടിഫിക്കേഷൻ (കൃഷിക്കും സർട്ടിഫിക്കേഷനും ഉൾപ്പെടെ) | 6000/- രൂപ / ഹെക്ടർ (ജൈവ കൃഷിക്ക് ഹെക്ടറിന് 3000/- രൂപ, സർട്ടിഫിക്കേഷന് ഹെക്ടറിന് 3000/- രൂപ) | | |
| 2) | ക്ലസ്റ്റർ മുഖാന്തിരം ജൈവകൃഷി | 75,000 രൂപ / ക്ലസ്റ്റർ | 25 ഹെക്ടർ ക്ലസ്റ്റർ | |

| | | | | |
|---|---|---|---|---|
| . | | | അടിസ്ഥാനത്തിൽ കൃഷി ചെയ്യണം | |
| 3) | ഇക്കോഷോപ്പുകളുടെ രൂപീകരണം | 2 ലക്ഷം രൂപ / ഇക്കോഷോപ്പ് | ജൈവകൃഷി ചെയ്യുന്ന കർഷക ഗ്രൂപ്പുകൾ | 1 ലക്ഷം രൂപ അടിസ്ഥാന സൌകര്യം ഒരുക്കുന്നതിനും 1 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടും നൽകുന്നു. |
| 4) | ജൈവ ഉൽപന്നങ്ങളുടെ പാക്കിംഗ്, ബ്രാൻഡിംഗ്, നേരിട്ടുള്ള വിൽപനയ്ക്കായി ക്ലസ്റ്ററുകൾക്ക് നൽകുന്നത് | 3 ലക്ഷം രൂപ / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | ജി.എ.പി. സർട്ടിഫിക്കേഷനുള്ള കർഷകഗ്രൂപ്പുകൾ | കേരള ഓർഗാനിക് എന്ന ലേബലിൽ ജൈവ ഉൽപന്നങ്ങൾ വിൽക്കാവുന്നതാണ്. |
| **മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും** | | | | |
| 1) | സൂക്ഷ്മമൂലകങ്ങൾക്കും സെക്കന്ററി മൂലകങ്ങൾക്കുമുള്ള ധനസഹായം | 500 / ഹെക്ടർ | മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ | |
| 2) | മണ്ണിന്റെ അമ്ലത്വം ഏകീകരിക്കുന്നതിനുള്ള മണ്ണ് പരിപോഷണ വസ്തുക്കൾക്കുള്ള ധനസഹായം | 75% സബ്സിഡി പരമാവധി 5400 / ഹെക്ടർ | മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ | |

**ഇതര സേവനങ്ങൾ**

| ക്രമ നം. | ഇനം | ധനസഹായം | പദ്ധതി |
|---|---|---|---|
| 1 | മണ്ണ് പരിശോധന (കൃഷിഭവൻ മുഖേന) | സൗജന്യം | സംസ്ഥാന കൃഷി വകുപ്പ് |
| 2 | മണ്ണ് പരിശോധന (കർഷകർ നേരിട്ട്) | 38 രൂപ/സാമ്പിൾ സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെ 150/- രൂപ | സംസ്ഥാന കൃഷി വകുപ്പ് |
| 3 | മണ്ണ് പരിശോധന (സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാല) | സൗജന്യം | സംസ്ഥാന കൃഷി വകുപ്പ് |
| 4 | കാർഷികയന്ത്രങ്ങൾ | കുറഞ്ഞ തദ്ദേശ നിരക്കുകൾ | സംസ്ഥാന കൃഷി വകുപ്പ് |

| ക്രമ . നം. | ഇനം | ധനസഹായം | പദ്ധതി |
|---|---|---|---|
| 5 | കേരളകർഷകൻ മാസിക അംഗത്വം | 100 രൂപ/വർഷം | സംസ്ഥാന കൃഷി വകുപ്പ് |
| 6 | വിത്ത് ഗുണമേൻമ പരിശോധന | സൗജന്യം | സംസ്ഥാന കൃഷി വകുപ്പ് |
| 7 | മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിന് | പ്രോജക്ടിന്റെ 30% പരമാവധി 10 ലക്ഷം രൂപ | സംസ്ഥാന കൃഷി വകുപ്പ് |

## മറ്റു പദ്ധതികൾ

### 1. കാർഷിക വൈദ്യുതി സൌജന്യം

- നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റുവിളകൾക്ക് 2 ഹെക്ടർ വരെയും കൃഷിക്കാവശ്യമായ കാർഷിക വൈദ്യുതി സൌജന്യം കൃഷി വകുപ്പ് നൽകുന്നു.

### 2. കാർഷിക ഇൻഷ്വറൻസ്

- പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനഷ്ടത്തിൽ നിന്ന് സംരക്ഷണം
- നാലു തരം സ്കീമുകളാണ് നിലവിലുള്ളത് - സംസ്ഥാന വിള ഇൻഷ്വറൻസ്, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്, കേരവൃക്ഷ ഇൻഷ്വറൻസ്, പ്രധാനമന്ത്രി ഫസൽ ബീമായോജന.

### 3. കർഷക പെൻഷൻ

- 60 വയസ് പൂർത്തിയായ എല്ലാ ചെറുകിട നാമമാത്ര കർഷകർക്കും പ്രതിമാസം 1200/- രൂപ നിരക്കിൽ കൃഷിഭവൻ മുഖേന പെൻഷൻ നൽകുന്നു.

## കൃഷി വകുപ്പിന്റെ കീഴിലുള്ള ഏജൻസികൾ / പൊതുമേഖലാ സ്ഥാപനങ്ങൾ

### 1.വി.എഫ്.പി.സി.കെ (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, കേരള)

- വിത്ത് മുതൽ വിപണിവരെയുള്ള എല്ലാ ഘട്ടങ്ങളിലും പഴം-പച്ചക്കറി കർഷകരെ സഹായിക്കുന്നു.
- സ്വാശ്രയസംഘങ്ങൾ, മാസ്റ്റർ കർഷകർ, പങ്കാളിത്ത ഗവേഷണം, പങ്കാളിത്തവായ്പ പദ്ധതി, കൂട്ടായ വിപണനം തുടങ്ങിയ കർഷകപങ്കാളിത്ത പദ്ധതികൾക്ക് വി.എഫ്.പി.സി.കെ. പ്രാധാന്യം നൽകുന്നു.

പച്ചക്കറി വിത്തുത്പാദനം

- ചിറ്റൂർ, കൊഴിഞ്ഞാമ്പാറ, കൊല്ലംകോട് മേഖലയിൽ വാണിജ്യ പ്രാധാന്യമുള്ള ഇരുപതിനം പച്ചക്കറിവിത്തുകൾ കൗൺസിൽ ഉത്പാദിപ്പിച്ച് നൽകുന്നു.

- ഈ വിത്തുകൾ ആലത്തൂരിലെ ആധുനിക ലാബിൽ ശുദ്ധിചെയ്ത് സർവ പരിശോധനകളും പൂർത്തിയാക്കി ഹാലോജൻ കളറിംങ് നടത്തി വിതരണത്തിന് നൽകും. കേരളത്തിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഗുണമേൻമയുള്ള വിത്തുകൾ കർഷകർക്ക് ലഭ്യമാക്കാനും കൗൺസിലിന് കഴിയുന്നു.
- ഒരേ സമയം രണ്ടരലക്ഷം തൈകൾ ഉത്പാദിപ്പിക്കുന്ന ഹൈടെക് നഴ്സറിയും ആലത്തൂരുണ്ട്. ഇവിടെയുള്ള ലാബിൽ നിന്ന് രണ്ടു ലക്ഷത്തിലേറെ ടിഷ്യൂകൾച്ചർ വാഴത്തൈകളും ഒരു ലക്ഷത്തോളം ഫലവൃക്ഷത്തൈകളും പ്രതിവർഷം ഉത്പാദിപ്പിച്ച് നൽകുന്നു.

<u>കർഷകനുവേണ്ടി കർഷകന്റെ വിപണി</u>

- വി.എഫ്.പി.സി.കെ.യുടെ ആഭിമുഖ്യത്തിൽ കർഷകർക്കുവേണ്ടി കർഷകർ നടത്തുന്ന കർഷകരുടെ വിപണികളാണ് കർഷക സ്വാശ്രയ വിപണികൾ.
- അംഗങ്ങളായ കർഷകർ അവരുടെ ഉത്പന്നങ്ങൾ ഒരിടത്തു സംഭരിക്കുകയും ഇടനിലക്കാരില്ലാതെ മൊത്തകച്ചവടക്കാർക്ക് വിൽക്കുകയും ചെയ്യുന്നു. ഇതിലൂടെ മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കുന്നു.
- വിപണിക്കാവശ്യമായ ത്രാസുകൾ, ഫർണിച്ചറുകൾ, അക്കൗണ്ട് ബുക്കുകൾ, ഫോൺ, പ്ലാസ്റ്റിക് ക്രേറ്റുകൾ എന്നിവയെല്ലാം കൗൺസിൽ നൽകുന്നു.
- വിപണി ഭാരവാഹികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് പരിശീലനങ്ങളും നൽകി വരുന്നു.
- മട്ടുപ്പാവുകളിലെയും തൊടികളിലെയും ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നു.

## 2. കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി

- ഗുണമേൻമയുള്ള വിത്തുപയോഗിക്കുന്നതു വഴി കാർഷികവിളകളുടെ ഉത്പാദനക്ഷമത 20 ശതമാനമെങ്കിലും വർദ്ധിപ്പിക്കുവാൻ സാധിക്കും.
- മികച്ച വിത്തുകൾ വിതരണം ചെയ്യുകയാണ് അതോറിറ്റിയുടെ ലക്ഷ്യം.
- നെല്ല്, പച്ചക്കറി ഇനങ്ങളായ വെണ്ട, ചീര, പയർ, മുളക്, കുമ്പളം, പാവൽ, പടവലം, മത്തൻ തുടങ്ങിയവയുടെ ഗുണമേൻമയുള്ള വിത്തുകൾ സംസ്ഥാനത്തുടനീളം വിതരണം ചെയ്തു വരുന്നു.

<u>പ്രവർത്തനങ്ങൾ</u>

<u>രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി (ആർഎസ്ജിപി)</u>

- രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി പ്രകാരം രജിസ്റ്റേർഡ് കർഷകർ മുഖേന നേരിട്ടുള്ള മേൽനോട്ടത്തിൽ ഗുണേൻമയുള്ള വിത്തുകൾ ഉൽപാദിപ്പിച്ച് അവ സംഭരിച്ച്, സംസ്കരിച്ച്, പാക്കുചെയ്ത് വിതരണം ചെയ്യുന്നു. പ്രധാനമായും കൃഷിഭവൻ മുഖേനയാണ് വിത്ത് വിതരണം നടത്തുന്നത്.
- കേരള കാർഷിക സർവകലാശാലയിൽനിന്നും ലഭ്യമാകുന്ന ബ്രീഡർ വിത്തുകൾ (നെല്ല്, പച്ചക്കറി) സംസ്ഥാനത്തെ 33 വിത്തുൽപ്പാദനകേന്ദ്രങ്ങളിൽ കൃഷി ചെയ്ത് ഫൗണ്ടേഷൻ വിത്തുകൾ ഉൽപാദിപ്പിക്കുന്നു.
- കർഷകർക്കും പാടശേഖരസമിതികൾക്കും സൗജന്യമായി നൽകുന്നു.

- ശാസ്ത്രീയ പരിചരണമുറകളും പരിശോധനകളും അനുവർത്തിച്ച് കൃഷി ചെയ്ത് സർട്ടിഫൈഡ് വിത്താക്കി കൃഷിക്കാർക്ക് വിതരണം ചെയ്യുന്നു
- പദ്ധതിയിൽ പങ്കാളികൾ ആകാൻ 25 രൂപയുടെ ചെലാൻ 0401-00-800-84 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം.
- പാടശേഖരസമിതികൾ 510 രൂപയും വ്യക്തികൾ 110 രൂപയും സംസ്ഥാനവിത്ത് വികസന അതോറിറ്റിയിൽ അടച്ച് അംഗത്വം എടുക്കണം
- ഒരു ഹെക്ടറിന് 80 കിലോഗ്രാം തോതിൽ അടിസ്ഥാന വിത്ത് സൗജന്യമായി നൽകും
- കിലോഗ്രാമിന് 25/- രൂപ നിരക്കിൽ 30 കി.ഗ്രാം ബാഗുകളിലാക്കി കൃഷിക്കാർക്ക് നേരിട്ട് എത്തിച്ചുകൊടുക്കും
- കർഷകർക്ക് വിത്ത് സ്വന്തമായി ഉൽപാദിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും പരിശീലനം നൽകുന്നു
- വിത്ത് സൂക്ഷിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി, പന്തളം, ആലപ്പുഴ, എരുത്തേമ്പതി എന്നിവിടങ്ങളിൽ മൂന്ന് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

<u>വീട്ടു വളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം</u>

- നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വീട്ടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം
- ജനശ്രീ, കുടുംബശ്രീ, റസിഡൻഷ്യൽ അസോസിയേഷൻ തുടങ്ങിയ സംഘടനകൾക്ക് പച്ചക്കറി വിത്തുകൾ 50% സബ്സിഡിനിരക്കിൽ വിതരണം ചെയ്യുന്നു.
- സമഗ്ര പച്ചക്കറി വികസന പദ്ധതിക്കാവശ്യമായ പച്ചക്കറി വിത്തുകൾ സീഡ് അതോറിറ്റി വിതരണം ചെയ്യുന്നു
- കാസർകോഡ്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ എല്ലാ മുൻസിപ്പാലിറ്റികളിലും തൃശ്ശൂർ കോർപ്പറേഷനിലും ഗ്രോബാഗുകളിൽ പച്ചക്കറി തൈകൾ നട്ടു നൽകി വരുന്നു.
- വിത്ത് വികസന അതോറിറ്റി മുഖാന്തിരം ഗുണമേൻമയുള്ള നെൽവിത്ത്, പച്ചക്കറിവിത്ത് തുടങ്ങിയവ ഉൽപാദിപ്പിച്ച്, സംസ്കരിച്ച്, സംഭരിക്കുകയും, ആവശ്യസമയങ്ങളിൽ കൃഷിക്കാർക്ക് നേരിട്ടും, കൃഷി ഭവനുകൾ മുഖേനയും നൽകുന്നു.

**3. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ - അഗ്രോ സൂപ്പർ ബസ്സാർ**

- കാർഷികാവശ്യങ്ങളും സേവനങ്ങളും ഒരു കുടക്കീഴിൽ എന്നതാണ് ലക്ഷ്യം
- വിത്തുമുതൽ തൈകൾ വരെയും, ചെറിയ കൃഷിയായുധങ്ങൾ മുതൽ ആധുനിക കൃഷിയന്ത്രങ്ങൾവരെയും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നു
- രാവിലെ ഒൻപത് മണി മുതൽ രാത്രി എട്ട് മണി വരെ ഇവിടെ നിന്ന് വാങ്ങാം

**4. കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്, അത്താണി.**

- കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനമായ കാംകോ കാർഷികയന്ത്രവത്കരണത്തിന് സഹായകരമായ വിവിധതരം യന്ത്രങ്ങൾ നിർമിച്ച് നൽകുന്നു.
- യന്ത്രങ്ങളായ പവർ ടില്ലറും പവർ റീപ്പറും രാജ്യത്തുടനീളം വിൽപ്പന നടത്തുന്നതിനുപുറമെ മറ്റു രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുകയും ചെയ്യുന്നു
- 1996 മുതൽ ഐ.എസ്.ഒ. അംഗീകാരം കാംകോ കരസ്ഥമാക്കിയിട്ടുണ്ട്.
- ഉൽപ്പാദന രംഗത്ത് മികച്ച സുരക്ഷാ നിലവാരവും പരിസര മലിനീകരണം പരമാവധി കുറക്കുകയും ചെയ്യുന്നു

- ട്രാക്ടർ നിർമാണത്തിനായി അത്താണിയിൽ 10 ഏക്കർ ഭൂമി കേരള സർക്കാർ കാംകോയ്ക്ക് കൈമാറിയിട്ടുണ്ട്.
- 18 കുതിര ശക്തിയുള്ള റോട്ടറി ട്രാക്ടർ, മറ്റ് കാർഷിക യന്ത്രങ്ങൾ എന്നിവ കമ്പനി നിർമ്മിക്കുന്നു.
- ടെസ്റ്റ് മാർക്കറ്റിങ്ങിനായുള്ള ഉൽപ്പാദനം നടന്നുവരികയാണ്.

**5.എസ്.എഫ്.എ.സി (സ്മോൾ ഫാർമേഴ്സ് അഗ്രി. ബിസിനസ് കൺസോർഷ്യം.)**

- കൃഷിയധിഷ്ഠിത വ്യാപാര/വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് ആവശ്യമായ പരിശീലനവും ധനസഹായവും സാങ്കേതിക പിന്തുണയും നൽകുന്നു.
- കാർഷികോത്പന്നങ്ങളുടെ ഉത്പാദനം, മൂല്യവർദ്ധനവ് ലക്ഷ്യമാക്കിയുള്ള സംസ്കരണം, ഉത്പന്ന വൈവിധ്യവത്കരണം, വിപണനം തുടങ്ങിയവ ഉൾക്കൊള്ളിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് എസ്.എഫ്.എ.സി സംരംഭ മൂലധനം നൽകുന്നു.
- കർഷകർ, കർഷക കൂട്ടായ്മകൾ, ഉത്പാദനസംഘങ്ങൾ, കാർഷികസംരംഭകർ, സ്വയംസഹായ സംഘങ്ങൾ, കാർഷിക കയറ്റുമതി മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കാർഷിക ബിരുദധാരികൾ, സഹകരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് ഇതിന്റെ ഗുണഭോക്താക്കളാകാം.
- മൈക്രോ സംരംഭങ്ങൾക്കുള്ള ധനസഹായം - പ്രോജക്ട് അടിസ്ഥാനത്തിൽ 50% പരമാവധി 10 ലക്ഷം രൂപ
- സ്മാൾ & മീഡിയം സംരംഭങ്ങൾക്കുള്ള ധനസഹായം - പ്രോജക്ട് അടിസ്ഥാനത്തിൽ 50% പരമാവധി 50 ലക്ഷം രൂപ

**6. ഔഷധ സസ്യമിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ**

- ഔഷധസസ്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് മിഷൻ തിരഞ്ഞെടുക്കപ്പെട്ട 23 ഔഷധ സസ്യങ്ങൾക്കാണ് ധനസഹായം നൽകുന്നത്.
- വൃക്ഷങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് 65:20:15 എന്ന അനുപാതത്തിലും ദ്വിവാർഷിക വിളകൾക്ക് 75:25 എന്ന അനുപാതത്തിലും വാർഷിക വിളകൾക്ക് പ്രഥമ വർഷം 100 ശതമാനവുമാണ് സബ്സിഡി നൽകുന്നത്.
- അപേക്ഷകൾ ദേശീയ ഔഷധസസ്യ മിഷന്റെ ഹെഡ് ഓഫീസിലോ ജില്ലാ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടിക്കൾച്ചർ)ക്കോ സമർപ്പിക്കേണ്ടതാണ്.

**കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ**

- ബണ്ട് നിർമാണം, നീർച്ചാൽ സംരക്ഷണം, തരിശ് രഹിത പാടശേഖരം, വെള്ളപ്പൊക്ക നിയന്ത്രണം, ഉപ്പ് വെള്ള ഭീഷണി നിയന്ത്രിച്ച് പാടശേഖരസംരക്ഷണം, ഭക്ഷ്യസുരക്ഷാ പദ്ധതി, കുട്ടനാട് പാക്കേജ്, കോൾ വികസനം തുടങ്ങിയ പദ്ധതികളാണ് നടപ്പാക്കുന്നത്.
- സഹസ്രസരോവർ പദ്ധതി: മൂന്ന് വർഷംകൊണ്ട് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലുമായി 1000 കുളങ്ങളെയെങ്കിലും പുനരുദ്ധരിച്ച് സംരക്ഷിക്കും. കൂടാതെ ചിറസംരക്ഷണം, ഭൂഗർഭജലത്തിന്റെ അളവ് ഉയർത്തി കുളത്തിന് അനുബന്ധമായി പച്ചക്കറികൃഷി, ഔഷധ സസ്യകൃഷി, മത്സ്യം വളർത്തൽ, തേനീച്ച വളർത്തൽ, കുടിവെള്ള വിതരണം എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- മറ്റ് എല്ലാ പൊതുമരാമത്ത് പണികളും, പ്രോജക്ടുകൾ തയ്യാറാക്കൽ കൺസൾട്ടൻസി തുടങ്ങിയവയും കെ.എൽ.ഡി.സി. ഏറ്റെടുത്ത് നടത്തുന്നു.

**സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷൻ**

- ആർആർഐഐ 105, ആർആർഐഐ-430, ആർആർഐഐ 415, പിബി 260 എന്ന ഇനങ്ങളുടെ സ്വന്തം ബഡ്‌വുഡ് നേഴ്സറിയിൽ നിന്ന് എടുത്ത ഗ്രീൻ ബഡ്ഡും ബ്രൗൺ ബഡ്ഡും ചെയ്ത ഗുണനിലവാരമുള്ള തൈകൾ മിതമായ നിരക്കിൽ മുൻകൂർ ബുക്കിങ് അനുസരിച്ച് നൽകി വരുന്നു

**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള**

- ഐഎസ്ഒ 9001 : 2008 സർട്ടിഫൈഡ് പൊതുമേഖലാ സ്ഥാപനമായ പി.സി.കെ റബ്ബർ, കശുമാവ് തുടങ്ങിയവയുടെ ഗുണമേൻമയുള്ള ബഡ് /ഗ്രാഫ്റ്റ് ചെയ്ത തൈകൾ വിൽക്കുന്നുണ്ട്. കൂടാതെ ഗുണമേൻമയുള്ള കറുവപ്പട്ട, ഓയിൽ എന്നിവയും വില്പന നടത്തുന്നു. ഐഎസ്ഐ അംഗീകാരമുള്ള സെന്റിഫ്യൂജ്സ് ലാറ്റക്സ് ഐഎസ്എൻആർ വിവിധ ഗ്രേഡിലുള്ള സ്കീംക്രീപ്പ് എന്നിവയും വില്പനയ്ക്ക് ലഭ്യമാണ്. ആതിരപ്പള്ളിയിൽ പ്ലാന്റേഷൻവാലി പാറം റിസോർട്ടും പി.സി.കെ നടത്തിവരുന്നു.

**ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്**

- കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സംയുക്ത സംരഭമായ ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്.
- കൊല്ലം ജില്ല കേന്ദ്രീകരിച്ച് 10,000 ഏക്കർ സ്ഥലത്ത് എണ്ണപ്പന കൃഷി ചെയ്യുന്നു.
- അഞ്ചലിനടുത്ത് ഏരൂർ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഫാക്ടറിയിൽ പ്രതിവർഷം 7,000 മെട്രിക് ടൺ അസംസ്കൃത എണ്ണ ഉല്പാദിപ്പിക്കുന്നു.
- എണ്ണപ്പനക്കുരു എണ്ണ 800 ടൺ പ്രതിവർഷം ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നു.
- തൊടുപുഴയിൽ പ്രവർത്തിക്കുന്ന വിത്തുല്പാദന കേന്ദ്രത്തിൽ പ്രതിവർഷം പത്തു ലക്ഷം മുളപ്പിച്ച എണ്ണപ്പന വിത്തുകൾ ഉത്പാദിപ്പിച്ച് സംസ്ഥാനത്തിനകത്തും പുറത്തും വിപണനം നടത്തുന്നു.
- തിരഞ്ഞെടുത്ത ചെറുകിട കർഷകരെ ഉൾപ്പെടുത്തി 1600 ഹെക്ടർ സ്ഥലത്ത് എണ്ണപ്പന കൃഷി ചെയ്തു വരുന്നു. ഇതിന് ഹെക്ടറിന് 23,000/രൂപ ധനസഹായം നൽകി വരുന്നു.
- കർഷകരിൽ നിന്നും എണ്ണപ്പനക്കുരുക്കൾ ടണ്ണിന് 7,000/- രൂപ നിരക്കിൽ (കടത്ത് കൂലി ഉൾപ്പെടെ) സംഭരിക്കുന്നു.
- കോട്ടയം ജില്ലയിൽ വൈക്കം വെച്ചൂർ കേന്ദ്രമാക്കി ഓയിൽ പാം ഇൻഡ്യയുടെ ആധുനിക റൈസ് മില്ല് വഴി കർഷകരിൽനിന്നും നെല്ല് നേരിട്ട് സംഭരിച്ച് അരിയാക്കി കുട്ടനാട് റൈസ് എന്ന ബ്രാന്റ് നാമത്തിൽ വാണിജ്യാടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് മുഖേനയും നേരിട്ടും വിപണനം നടത്തുന്നു.
- പ്രതിവർഷം 12,000 ടൺ സംഭരണശേഷി ഈ മില്ലിനുണ്ട്.

സെക്ഷൻ ഓഫീസർ